Minister for Works (SHRI K. I. VELAYUDHAN):

(a) Yes, to a certain extent. With the construction of the leading channel from Mathirampally to the Spillway at Thottappally just being taken in hand and the proposed cut joining Manimala and Pampa Rivers just up-stream of the sugar-cane factory, the usefulness of the Spillway in controlling the floods in sugar-cane growing areas will be further enhanced.

(b) Yes.

ശ്രീ. പി. നാരായണൻ പോറ്റി: തോട്ടപ്പള്ളി സ്പിൽവേ പ്രവർത്തനം ഇല്ലാതിരുന്ന കാലവും പ്രവർത്തനം നടന്നിട്ടുള്ള കാലവും താരതമ്യപ്പെടുത്തിയാൽ പണി തുടർന്നതിനശേഷം ഗുണകരമായ പ്രവർത്തനത്തിനു പുരോഗതിയുണ്ടായിട്ടുണ്ടോ? അതായത് പ്രവർത്തനം ഇല്ലാതിരുന്ന കാലത്തെ പ്രവർത്തനം കൂടി പ്രവർത്തനം ആരംഭിച്ചശേഷം താരതമ്യപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: അതു കൃത്യമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. ജെ. ഏട്ടൻ: തോട്ടപ്പള്ളി സ്പിൽവേയോടു ബന്ധപ്പെട്ട് തണ്ണീർമുക്കംബണ്ട് ഇതുവരെ പണിചെയ്തതെന്താണ്?

ശ്രീ. കെ. ഐ. വേലായുധൻ: കേന്ദ്രത്തിൽനിന്ന് ഇതുവരെ അറിയത്തക്കവണ്ണമുള്ള അനുമതി ലഭിച്ചിട്ടില്ല.

വൈദ്യുതിവിതരണം.

* 122. [30] ശ്രീ. എം. എ. ആന്റണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുകൃഷിമന്ത്രി ദയവായി മറുപടി തരുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ പുതിയതായി എത്ര ഗ്രാമങ്ങളിൽ വൈദ്യുതി വിതരണം നൽകിയിട്ടുണ്ട്;

(ബി) മുക്കന്നൂർ, അഴകം മുതലായ വില്ലേജുകളിൽ വൈദ്യുതി വിതരണം നടത്തണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ സാമ്പത്തികവർഷത്തിൽ അതു അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) 144 പുതിയ കേന്ദ്രങ്ങളിൽ വൈദ്യുതി വിതരണം നടത്തിയിട്ടുണ്ട്. 150 കേന്ദ്രങ്ങളിൽകൂടി വിതരണം ചെയ്യാനുള്ള നടപടി നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) ഉണ്ട്.

(സി) ഈ വർഷത്തിൽ പൂർത്തിയാക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly